## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ . 3588

30.01.2014-ൽ മറുപടിക്ക്

### തീരദേശ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | തീരദേശ സുരക്ഷയും മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനായി ഏതൊക്കെ പദ്ധതികൾ ഈ സർക്കാർ നടപ്പാക്കിയെന്ന് വെളിപ്പെടുത്തുമോ ; | (എ) | 9 തീരദേശ ജില്ലകളിലെ മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ, 33 കോടി രൂപ അടങ്കൽ തുക വരുന്ന സംയോജിത കടൽ സുരക്ഷാ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 4000 മത്സ്യബന്ധന യാനങ്ങൾക്ക് അപകട സ്ഥാനം നിർണ്ണയിക്കുന്നതിനായി റേഡിയോ ബീക്കൺ, കപ്പലുകളുമായും മറ്റു യാനങ്ങളുമായി ആശയ വിനിമയം നടത്തുന്നതിനായി വി.എച്ച്.എഫ്.- മറൈൻ റേഡിയോ, ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്, മറ്റു യാനങ്ങളുടെ വിശദ വിവരം മനസ്സിലാക്കുന്നതിനും തിരിച്ചറിയുന്നതിനുമുള്ള ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (എ.ഐ.എസ്), ജി.പി.എസ്.- ജി.എസ്.എം. വെസ്സൽ ട്രാക്കിംഗ് സംവിധാനം എന്നിവ നൽകാൻ |
| | | | ഉദ്ദേശിക്കുന്നു.<br>കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി 910 ലക്ഷം രൂപ അടങ്കൽ തുക വരുന്ന കടൽ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ ഏകദേശം 600 ആഴക്കടൽ മത്സ്യബന്ധന യൂണിറ്റുകൾക്ക് റേഡിയോ ബീക്കൺ, എക്കോസൗണ്ടർ, |

| | | | |
|---|---|---|---|
| | | | വി.എച്ച്.എഫ്-മറൈൻ റേഡിയോ, എ.ഐ.എസ്., ജി.പി.എസ്. എന്നീ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു. |
| (ബി) | നാവിക നിയമങ്ങൾ, കടൽ സുരക്ഷാമാർഗ്ഗങ്ങൾ എന്നിവയിൽ തീവ്രപരിശീലനം നൽകാൻ വകയിരുത്തിയ രണ്ട് കോടി രൂപയിൽ എത്ര ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ? | (ബി) | 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ 84-ാമത് ഖണ്ഡികയിൽ, കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ വേണ്ടി സംയോജിത കടൽ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 2 കോടി രൂപ വകയിരുത്തുന്നുവെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ നാവിക നിയമങ്ങൾ, കടൽ സുരക്ഷാ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് തീവ്ര പരിശീലനം നൽകുമെന്നും ഉൾപ്പെടുത്തിയിരുന്നു. ഇതനുസരിച്ചുള്ള 33 കോടി രൂപയുടെ സംയോജിത കടൽ സുരക്ഷാ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ $2^1/4$ കോടി രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷൻ വഴി 9.10 കോടി രൂപയുടെ കടൽ സുരക്ഷാ പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ